ഗ്രാമ ന്യായാലയ, കഞ്ഞിക്കുഴി

(ഹാജർ- ശ്രീമതി. സീതാലക്ഷ്മി. വൈ, ന്യായാധികാരി)

2026 മാണ്ട് മാർച്ച് മാസം 11-)o തീയതി

<u>ST. 176/2019</u>

| | | |
|---|---|---|
| പരാതിക്കാരൻ | : | കേരള സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പോലീസ് സബ് ഇൻസ്പെക്ടർ, മുഹമ്മ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 135/19 . (പ്രതിനിധീകരിക്കുന്നത് ശ്രീമതി. സൂര്യ. ആർ.എസ്. അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ) |
| പ്രതി | : | അബ്ദുൽ റഹ്മാൻ S/o. ഇബ്രാഹിം കുട്ടി, കൊച്ചുപട്ടാറ വീട് മുഹമ്മ.പി.ഓ, മുഹമ്മ. (അഡ്വ. ആതിര ഗൗരി ) |
| കുറ്റം | : | U/s. 294(b), 323, 506(i) IPC |
| പ്രതിവാദം | : | കുറ്റം ചെയ്തതായി സമ്മതിച്ചു. |
| കണ്ടെത്തൽ | : | പ്രതി കുറ്റക്കാരനാണെന്ന് കണ്ടെത്തി. |
| വിധി | : | പ്രതി IPC 506(i) പ്രകാരം 500/-രൂപ പിഴയും, IPC 294(b) പ്രകാരം 500/- രൂപ പിഴയും, IPC 323 പ്രകാരം 500/- രൂപ പിഴയും ഒടുക്കാൻ വിധിച്ചിരിക്കുന്നു. ടി പിഴ ഒടുക്കിയില്ലെങ്കിൽ 2 ദിവസം വെറും തടവ് അനുഭവിക്കാനും കൽപ്പിച്ചിരിക്കുന്നു. |

ഈ കേസ് ഇന്നേ ദിവസം വിചാരണയ്ക്ക് വന്നതിൽ കോടതി വാദം കേട്ട് പ്രസ്താവിക്കുന്നു:-

<u>വിധിന്യായം</u>

1. മേൽ നമ്പർ കേസിലെ പ്രതിക്കെതിരെ മുഹമ്മ പോലീസ് സബ് ഇൻസ്പെക്ടർ, ക്രൈം നമ്പർ. 135/19 പ്രകാരം അന്വേഷണം നടത്തി സമർപ്പിച്ച അന്തിമ റിപ്പോർട്ടിന്മേൽ ആരംഭിച്ചിട്ടുള്ള കേസാണിത്. പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 294(b), 323, 506(i) പ്രകാരമുള്ള കുറ്റം ചെയ്തു എന്നുള്ളതാണ് കേസ്.

2. പ്രതി നേരിട്ട് കോടതിയിൽ ഹാജരായി. കുറ്റപത്രത്തിന്റെ പകർപ്പ് നൽകി. പ്രതിയെ IPC

294(b), 323, 506(i) വകുപ്പുകൾ പ്രകാരമുള്ള കുറ്റസാരാംശം വായിച്ചു കേൾപ്പിച്ചു. പ്രതി കുറ്റം സമ്മതിച്ചു. പ്രതി സ്വമേധയാ കുറ്റം സമ്മതിച്ചതാണെന്നു ബോധ്യപ്പെട്ടതിനാൽ ടിയാന്റെ മൊഴി സ്വീകരിച്ചു. അതിനാൽ പ്രതി IPC 294(b), 323, 506(i) വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ ചെയ്തതായി കണ്ടെത്തിയിരിക്കുന്നു.

3. ഈ കേസ് 1958 Probation of Offenders Act പ്രയോഗിക്കാൻ തക്കതല്ല എന്ന് ബോധ്യപ്പെട്ടിരിക്കുന്നു. ആകയാൽ പ്രതി IPC 506(i) പ്രകാരം 500/-രൂപ പിഴയും, IPC 323 പ്രകാരം 500/- രൂപ പിഴയും, IPC 294(b) പ്രകാരം 500/- രൂപ പിഴയും ഒടുക്കാൻ വിധിച്ചിരിക്കുന്നു. ടി പിഴ ഒടുക്കിയില്ലെങ്കിൽ 2 ദിവസം വെറും തടവ് അനുഭവിക്കാനും കൽപ്പിച്ചിരിക്കുന്നു.

(ഇപ്രകാരം തുറന്ന കോടതിയിൽ 2026 മാർച്ച് മാസം 11-ാം തീയതി വിധി പ്രസ്താവിച്ചിരിക്കുന്നു)

ന്യായാധികാരി
ഗ്രാമ ന്യായാലയ, കഞ്ഞിക്കുഴി